പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4640

18.5.2017 -ൽ മറുപടിയ്ക്ക്

## വിനോദ സംഞ്ചാരികളെ ആകർഷിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ. കെ.ഡി. പ്രസേനൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന്റെ തോത് കുറഞ്ഞു വരുന്നതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്തെ നിലവിലെ വിനോദ സഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയിലുണ്ടായ ഇടിവാണ്. |
| ബി) | വിദേശ വിനോദ സംഞ്ചാരികളെ, വിശേഷിച്ച് അറബ് രാജ്യങ്ങളിൽ നിന്നുള്ളവരെ കൂടുതലായി ആകർഷിക്കാനായി നടത്തിയിട്ടുള്ള പ്രചാരണ പ്രവർത്തനങ്ങൾ അറിയിക്കാമോ; | ബി) | അറബ് രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>• അറേബ്യൻ ട്രാവൽ മാർക്കറ്റ് ട്രേഡ് ഫെയറിൽ കേരള ടൂറിസത്തിന്റെ സജീവ സാന്നിധ്യം.<br>• കേരള ടൂറിസത്തിന്റെ പ്രചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ അറബ് രാജ്യങ്ങളിൽ റോഡ് |

| | | | |
|---|---|---|---|
| | | | ഷോ നടത്തുകയുണ്ടായി. ഇതിനു പുറമേ വിവധ അറബ് പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിയിട്ടുണ്ട്. ദുബായ് പോലുള്ള സ്ഥലങ്ങളിൽ കേരള ടൂറിസം ടാക്സി ബ്രാൻഡിംഗ് നടത്തിയിട്ടുണ്ട്. |
| സി) | വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും സുരക്ഷിതത്വത്തിനുമായി കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ? | സി) | വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന 8 പദ്ധതികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകി കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>1. കോഴിക്കോട് SIHM കാമ്പസിൽ ത്രീ സ്റ്റാർ ഹോട്ടൽ കോംപ്ലക്സ് നിർമ്മാണം.<br>2. മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം.<br>3. ആലപ്പുഴ ജില്ലയിലെ ചെത്തി ബീച്ച് നിർമ്മാണം.<br>4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം.<br>5. കാഞ്ഞിരപ്പുഴ ഡാം വികസനം<br>6. തെന്മല ഡാം വികസനം<br>7. നെയ്യാർ ഡാം വികസനം<br>8. മുഴപ്പിലങ്ങാട്-ധർമ്മടം- ധർമ്മടം ഐലന്റ് ബന്ധപ്പെടുത്തി റോപ്പ് വേയുടെ നിർമ്മാണം<br><br>നിലവിൽ കിഫ്ബിയിലേക്ക് ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുള്ള 8 പദ്ധതികളിൽ 6 പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായിട്ടാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ